രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന

187 (1151) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക പട്ടികവർഗ്ഗവികസനവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയിൽ ഇപ്പോൾ സംസ്ഥാനത്ത് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്നറിയിക്കുമോ ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആകെ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

(സി) മലബാർ മേഖലയിൽ ഈ പദ്ധതിയനുസരിച്ച് ഇതുവരെ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതിയിൻകീഴിൽ ഇനിയും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാനുള്ളതെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന പ്രകാരം കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. പാലക്കാട്, വയനാട്, കോഴിക്കോട് എന്നീ ജില്ലകളിൽ പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള ഉത്തരവ് അതാതു ടേൺകീ കോൺട്രാക്ടർമാർക്ക് നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഉത്തരവ് നൽകുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു വരികയാണ്.

(ബി) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ പദ്ധതി 6 ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള അനുമതി 10-3-2010-ൽ ലഭിച്ചു. വകയിരുത്തിയ തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:

കാസർഗോഡ്	-	1460.71 ലക്ഷം രൂപ
കണ്ണൂർ	-	1971.40 ലക്ഷം രൂപ
വയനാട്	-	1433.44 ലക്ഷം രൂപ
കോഴിക്കോട്	-	1692.93 ലക്ഷം രൂപ
പാലക്കാട്	-	1635.40 ലക്ഷം രൂപ
മലപ്പുറം	-	3263.46 ലക്ഷം രൂപ

(സി) മലബാർ മേഖലയിൽ ഈ പദ്ധതിയനുസരിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തികൾ തുടങ്ങിയിട്ടേയുള്ളൂ.

(ഡി) ഈ പദ്ധതി പ്രകാരം 25 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 11 കെ.വി. എൽ.റ്റി. എന്നീ ലൈനുകൾ വലിക്കുക, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വീടുകളിൽ വൈദ്യുതി എത്തിക്കുക എന്നീ പ്രവൃത്തികളും സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തികളും നടപ്പിലാക്കും.

LIBRARY ARCHIVES Kerala Legislative Assembly